(ഡി) ഈ ഫാക്ടറിക്ക് അനുമതി നൽകിയ ഗ്രാമപഞ്ചായത്ത് ഭരിക്കുന്നത് ഏതു രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണ്;

(ഇ) പെപ്സി കോളയ്ക്കെതിരെ ഡി. വൈ. എഫ്. ഐ. സമരം സംഘടിപ്പിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) സമരം അവസാനിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) കഞ്ചിക്കോട്ടെ പെപ്സി ഫാക്ടറിക്ക് അനുമതി നൽകിയ പുതുശ്ശേരി ഗ്രാമപഞ്ചായത്ത് ഭരിക്കുന്നത് എൽ. ഡി. എഫ്. (സി. പി. എം.) ആണ്.

(ഇ) സമരം സംഘടിപ്പിച്ചിരുന്നു.

ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണം

8 [5151] ശ്രീ. വർക്കല കഹാർ:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. മുഹമ്മദാലി:
,, പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുവോ;

(ബി) എങ്കിൽ അതിന്റെ എത്ര ശതമാനം പൂർത്തിയാക്കിയെന്നും, ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും പറയാമോ?

ഉത്തരം

(എ) ആരംഭിച്ചു.

(ബി) ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 10 ടെണ്ടറുകൾ വിളിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിൽ, 4 ടെണ്ടറുകൾ വിളിക്കുകയും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ താഴെ പറയുന്ന വിധത്തിൽ പുരോഗമിച്ചു വരികയുമാണ്:

(1) കേഡറ്റ് മെസ്സ് ആന്റ് കേഡറ്റ് അക്കോമഡേഷൻ—55% പൂർത്തിയായി

LIBRARY ARCHIVES Kerala Legislative Assembly

(2) എക്സ്റ്റേണൽ സർവീസസ് ആന്റ് റോഡ്സ്—18% പൂർത്തിയായി

(3) ഓഫീസേഴ്സ് മാരീഡ് അക്കോമഡേഷൻ—8% പൂർത്തിയായി

(4) ഫിസിക്കൽ ട്രൈനിംഗ് ആന്റ് ഇ.ബി.എ. കോംപ്ലക്സ്—6% പൂർത്തിയായി.

ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടറുകൾ ഈ സാമ്പത്തിക വർഷം തന്നെ നൽകുന്നതാണ്. നാവിക അക്കാഡമിയുടെ നിർമ്മാണം 2005 ഒക്ടോബർ മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഫോറൻസിക് ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതി

9 [5152] ശ്രീ. പിരപ്പൻകോട് മുരളി:
„ ടി. പി. രാമകൃഷ്ണൻ:
„ എ. കെ. ബാലൻ:
ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിൽനിന്നും ഇതിനായി പ്രത്യേക ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരത്തെ ഫോറൻസിക് ലബോറട്ടറിയിൽ ഉണ്ടായ സ്ഫോടനം സംബന്ധിച്ച് ജസ്റ്റീസ് രാജേന്ദ്രബാബു കമ്മീഷന്റെ റിപ്പോർട്ടിലെ നിഗമനങ്ങളും ശുപാർശകളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടേയും നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ സർക്കാർ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫോറൻസിക് ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിലേക്കായി ജി. ഒ.(ആർടി.) 3593/01/ആഭ്യന്തരം തീയതി 15-10-2001-ലെ ഭരണ നിർവഹണ അനുമതി ഉത്തരവിൻപ്രകാരം 'മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ്' സ്കീമിൽനിന്ന് 15 ലക്ഷം രൂപ ലബോറട്ടറിയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിലേക്കും 15 ലക്ഷം രൂപ ലൈബ്രറി സൗകര്യം ആധുനികവൽക്കരിക്കുന്നതിലേക്കും അനുവദിക്കുകയുണ്ടായി. ഇതിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ലൈബ്രറി വികസനവുമായി ബന്ധപ്പെടുത്തി 25 സ്റ്റീൽ അലമാരകൾ

LIBRARY ARCHIVES Kerala Legislative Assembly